പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## കേന്ദ്ര സർക്കാരിൽ നിന്നുമുള്ള ധനസഹായം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5579 — 27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. രാജഗോപാൽ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവിലേക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ എത്ര രൂപ ലഭിച്ചു; അറിയിക്കുമോ: | (എ) | ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവിലേക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ 2431.37 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇന്ദിരാ ആവാസ് യോജന പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2017-18 വരെ എത്ര തുക ലഭിച്ചു; വ്യക്തമാക്കുമോ: | (ബി) | ഇന്ദിരാ ആവാസ് യോജന പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2015-16 വരെയുള്ള കാലയളവിൽ 51792.523 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2016-17 മുതൽ ടി പദ്ധതി പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ പുനരാവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. |
| (സി) | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ എത്ര തുക ലഭിച്ചു; അറിയിക്കുമോ: | (സി) | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ 74.21 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജനക്ക് കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ ലഭിച്ച തുക ഉപയോഗപ്പെടുത്തി എത്ര കി.മീ റോഡ് പൂർത്തീകരിച്ചു; വിശദമാക്കുമോ: | (ഡി) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ ലഭിച്ച തുക ഉപയോഗിച്ച് 1293.617 കി.മീറ്റർ ദൈർഘ്യം വരുന്ന 446 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രധാനമന്ത്രി ആവാസ് യോജനയ്ക്കു വേണ്ടി 2014-15 മുതൽ 2017-18 വരെ എത്ര തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകി; വ്യക്തമാക്കുമോ? | (ഇ) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി 2016-17 സാമ്പത്തിക വർഷത്തിലാണ് നിലവിൽ വന്നത്. ടി പദ്ധതിക്ക് കേന്ദ്ര വിഹിതമായി 12190.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 23-03-2018-ലെ റിപ്പോർട്ട് അനുസരിച്ച് 16109 വീടുകൾ അനുവദിക്കുകയും 7448 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ